പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 2481 — 11/10/2011-ൽ മറുപടിയ്ക്ക്

## വീടില്ലാത്ത പദ്ധതി ബാധിത വ്യക്തികൾക്ക് പുനരധിവാസത്തിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ റോഡുകൾ ഒഴികെയുള്ള പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് എന്തെല്ലാം നിബന്ധനകളാണ് ഭൂമി ഏറ്റെടുക്കുന്ന നയത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് ;

(ബി) വീടില്ലാത്ത പദ്ധതി ബാധിത വ്യക്തികൾക്ക് പുനരധിവാസത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(സി) വ്യാപാര സ്ഥാപനം നഷ്ടപ്പെടുന്നവർക്ക് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് നൽകാൻ തയ്യാറാകുമോ ;

(ഡി) ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് ഉടമസ്ഥരുമായി പുനരധിവാസ പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ ?

(എ) (ബി) (സി) & (ഡി) 1894-ലെ കേന്ദ്ര പൊന്നുംവില നിയമത്തിനും 1990-ലെ കേരള പൊന്നുംവില ചട്ടങ്ങൾക്കും വിധേയമായാണ് സംസ്ഥാനത്ത് എല്ലാ പൊന്നുംവില നടപടികളും നടന്നു വരുന്നത്. ചില പ്രത്യേക പ്രോജക്ടുകൾക്കായി ഫാസ്റ്റ് ട്രാക് വ്യവസ്ഥയിലും ഭൂമി ഏറ്റെടുക്കുന്നുണ്ട്. ഫാസ്റ്റ് ട്രാക് പദ്ധതി പ്രകാരം ഭൂമിയുടെ ഉടമകൾക്ക് താരതമ്യേന മെച്ചപ്പെട്ട നഷ്ടപരിഹാരം ലഭിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽ നിയമം അനുസരിച്ച് സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമിയുടെ കമ്പോള വിലയെക്കാൾ കുറഞ്ഞ വിലയാണ് ഗുണഭോക്താക്കൾക്ക് ലഭിച്ചു വരുന്നത്. വീടില്ലാത്തവർക്ക് വീട് വയ്ക്കാനാവശ്യമായ സ്ഥലം നൽകുക, വ്യാപാരസ്ഥാപനം നഷ്ടപ്പെടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിൽ ഇടം നൽകുക പുനരധിവാസ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ ഒരു പുനരധിവാസ നയത്തിന് രൂപം കൊടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ നയം റവന്യൂ വകുപ്പ് മന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ